# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2017 നവംബർ 9, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 169 - നമ്പർ 1

വില : ₹ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഏട്ടാം സമ്മേളനം

2017 നവംബർ 9, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

463/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ് .പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് (മഞ്ചേശ്വരം)
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
8. ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മലമ്പുഴ)
9. ശ്രീ. അടൂർ പ്രകാശ് (കോന്നി)
10. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
11. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
12. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
13. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
14. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
15. ശ്രീ. അനൂപ് ജേക്കബ് (പിറവം)
16. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
17. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
18. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
19. ശ്രീ. അൻവർ സാദത്ത് (ആലുവ)
20. ശ്രീ. എ. എം. ആരിഫ് (അരൂർ)
21. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
22. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി.)
23. ശ്രീ. കെ. ബാബു (നെന്മാറ)

24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി - എസ്.ടി)

25. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)

26. ശ്രീ. വി. ടി. ബൽറാം (തൃത്താല)

27. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

28. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)

29. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

30. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)

31. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)

32. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)

33. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)

34. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)

35. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

36. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

37. ശ്രീമതി ഗീതാ ഗോപി (നാട്ടിക – എസ്.സി.)

38. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)

39. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)

40. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

41. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

42. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)

43. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

44. ഡോ. കെ. ടി. ജലീൽ (തവനൂർ)

45. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)

46. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

47. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

48. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

49. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

50. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

51. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

52. ശ്രീ. വി. ജോയി (വർക്കല)

53. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)

54. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

55. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

56. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

57. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

58. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)

59. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

60. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

61. ശ്രീ. കെ. എം. മാണി (പാല)

62. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

63. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

64. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

65. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

66. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

67. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

68. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

69. ശ്രീ. എം. മുകേഷ് (കൊല്ലം)

70. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

71. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

72. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

73. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

74. ശ്രീ. സി. കെ. നാണു (വടകര)

75. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

76. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

77. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

78. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

79. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

80. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

81. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)

82. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

83. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

84. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

85. ശ്രീ. ഒ. രാജഗോപാൽ (നേമം)

86. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

87. ശ്രീ. കെ. രാജൻ (ഒല്ലൂർ)

88. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

89. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

90. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

91. ശ്രീ. കെ. രാജു (പുനലൂർ)

92. ശ്രീ. രാജു എബ്രഹാം (റാന്നി)

93. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

94. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

95. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ (ചെങ്ങന്നൂർ)

96. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

97. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

98. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

99. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

100. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

101. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

102. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

103. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

104. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

105. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

106. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

108. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

109. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

110. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

111. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

112. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

113. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

114. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

115. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

116. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

117. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

118. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

119. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

120. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

121. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

122. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

123. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

124. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

125. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

126. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

128. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

129. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

130. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

131. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

132. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

133. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

134. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

135. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

136. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

137. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)

138. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

139. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

140. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

141. ശ്രീ. എം. വിൻസെന്റ് (കോവളം)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം

അഖിലേന്ത്യാ സർവീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന  നദീജലം

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാൻഡ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി  അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

<u>ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ</u>
<u>പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും</u>
<u>പാർലമെന്ററികാര്യവും വകുപ്പുമന്ത്രി</u>

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി</u>

ലാൻഡ് റവന്യൂ

സർവേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

<u>ഡോ. കെ. ടി. ജലീൽ, തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

<u>ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

<u>ശ്രീ. മാത്യു ടി. തോമസ്, ജലവിഭവ വകുപ്പുമന്ത്രി</u>

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി</u>

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

<u>ശ്രീ. എ. സി. മൊയ്തീൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി</u>

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

<u>പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

സാക്ഷരതാ പ്രവർത്തനം

എൻ.സി.സി.

അസാപ് (ASAP)

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി</u>

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

ആയുഷ്

സാമൂഹ്യനീതി

<u>ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

<u>ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെറ്ററിനറി സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി</u>

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

<u>ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ശ്രീ. തോമസ് ചാണ്ടി, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം


*പേജ്*

**I സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ** .. 1

**II മേശപ്പുറത്തുവച്ച കടലാസ്**

സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മെമ്മോറാണ്ടവും .. 2

**III ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

സോളാർ അഴിമതി .. 3

**IV ക്രമപ്രശ്നം**

മുഖ്യമന്ത്രി പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച് .. 10

**V റൂളിംഗ്** .. 16

**VI പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് .. 18

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### എട്ടാം സമ്മേളനം

*2017 നവംബർ 9, വ്യാഴം*

വാല്യം 169] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനാലാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2017 നവംബർ മാസം 9-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ...

### I സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ

നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, വേങ്ങര അസംബ്ലി നിയോജക മണ്ഡലത്തിൽനിന്നും ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. കെ. എൻ. എ. ഖാദർ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതനായിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: അഡ്വക്കേറ്റ് കെ. എൻ. എ. ഖാദർ ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോട് കൂടി നിർവ്വഹിക്കുമെന്നും അള്ളാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങേക്ക് എല്ലാ അഭിനന്ദനങ്ങളും നേരുന്നു.

(ശ്രീ. കെ. എൻ. എ. ഖാദർ അനുവദിക്കപ്പെട്ട ഇരിപ്പിടത്തിൽ ഉപവിഷ്ടനായി)

### II മേശപ്പുറത്തുവച്ച കടലാസ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച മെമ്മോറാണ്ടവും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അടിയന്തര പ്രമേയത്തിന് ഞങ്ങൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അത് അവതരിപ്പിക്കാൻ സമയം അനുവദിക്കണം. (.....ബഹളം.....) ....പ്ലീസ്....പ്ലീസ്....

ശ്രീ. കെ. സി. ജോസഫ്: സർ, ബഹു. പ്രതിപക്ഷ നേതാവിന് മൈക്ക് അനുവദിക്കു.......(.....ബഹളം.....)

മി. സ്പീക്കർ: ഈ സഭാസമ്മേളനം ഒരു പ്രത്യേക സാഹചര്യത്തിലാണ് വിളിച്ചുചേർത്തിരിക്കുന്നത് എന്നത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാവുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും നിയമസഭാ കക്ഷിനേതാക്കളുടെയും അഭിപ്രായങ്ങൾകൂടി പരിഗണിച്ചും ഈ സഭയുടെ അവകാശങ്ങൾ സംരക്ഷിച്ചുവെന്ന് ഉറപ്പുവരുത്താനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പ്രത്യേക സഭാസമ്മേളനമാണ് ഇവിടെ ചേർന്നിരിക്കുന്നത്. ഇന്നിവിടെ ചേരുന്നത് നിങ്ങൾ ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടിയാണ്. ഇക്കാര്യത്തിൽ ചെയറിന്റെ അഭിപ്രായവും നിങ്ങളുടെ അഭിപ്രായത്തോട് യോജിപ്പുള്ളതായിരുന്നു. ഈ സഭ വിളിച്ചുചേർത്ത ഉദ്ദേശ്യം നിർവഹിക്കാൻ അനുവദിക്കണം. .....പ്ലീസ്...പ്ലീസ്..... മേശപ്പുറത്തുവച്ച കടലാസുകളും ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയും കഴിഞ്ഞശേഷം നിങ്ങൾ പറഞ്ഞത് ആലോചിക്കാം. ദയവായി ഇരിക്കു. .. .....പ്ലീസ്....പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയുംകൂടി കത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സമ്മേളനം വിളിച്ചുചേർത്തിരിക്കുന്നത്. ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് വന്നാൽ അതിന്റെ വിശദാംശങ്ങൾ സഭയ്ക്ക് അറിയണമെന്ന അങ്ങയുടെ ആഗ്രഹത്തിന്റെയും അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ സമ്മേളനം വിളിച്ചുചേർത്തിരിക്കുന്നത്. അത് അവതരിപ്പിക്കാൻ അനുവദിക്കണം. (......ബഹളം.....).....പ്ലീസ്....പ്ലീസ്.... ഇത് ഉചിതമായ കാര്യമല്ല. ദയവായി സഹകരിക്കണം. .....പ്ലീസ്....പ്ലീസ്.... സഭയുടെ നടപടിക്രമങ്ങൾ നടത്താൻ അങ്ങ് ദയവായി അനുവദിക്കണം. (.....ബഹളം.....)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ അവതരിപ്പിച്ച് കഴിഞ്ഞു. ഇനി അത് സ്വീകരിച്ചാൽ മതി.

മി. സ്പീക്കർ: അദ്ദേഹം കടലാസുകൾ മേശപ്പുറത്ത് വച്ചുകഴിഞ്ഞു.

......(ബഹളം) ... പ്ലീസ്... പ്ലീസ്. ഈ സഭയുടെ നടപടിക്രമങ്ങൾ നടത്താൻ അങ്ങ് ദയവായി അനുവദിക്കണം.

# III ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

## സോളാർ അഴിമതി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സോളാർ തട്ടിപ്പ് സംബന്ധിച്ച് എൽ.ഡി.എഫ്. നിയമസഭയ്ക്കകത്തും പുറത്തും നടത്തിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ 29-10-2013-ലെ എസ്.ആർ.ഒ. നമ്പർ 863/2013 വിജ്ഞാപനത്തിലൂടെ ഉത്തരവായ ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് സെക്ഷൻ 3(4) പ്രകാരം റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടും ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

സംസ്ഥാനത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട സോളാർ തട്ടിപ്പ് കേസും അതിൽ രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ നേതൃത്വത്തിലുള്ളവരുടെ കുറ്റകരമായ പങ്കും അന്വേഷിക്കുന്നതിന് 28-10-2013-നാണ് മുൻ സർക്കാർ ജസ്റ്റിസ് (റിട്ട.) ജി. ശിവരാജനെ അന്വേഷണ കമ്മീഷനായി നിയോഗിച്ചത്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് പ്രകാരമുള്ള അന്വേഷണം പുരോഗമിക്കുന്നതോടൊപ്പം കമ്മീഷൻ കണ്ടെത്തിയ ചില വസ്തുതകളുടെ വെളിച്ചത്തിൽ പരിഗണനാ വിഷയങ്ങൾ സ്പഷ്ടമാക്കിക്കൊണ്ട് 7-11-2014-ന് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. നാല് വർഷത്തെ തെളിവെടുപ്പിലൂടെ 214 സാക്ഷികളെ വിസ്തരിക്കുകയും 812 രേഖകൾ കമ്മീഷൻ പരിശോധിക്കുകയും ചെയ്തു. നാല് വോള്യങ്ങളിലായി 1073 പേജുകളാണ് 26-9-2017-ന് സർക്കാരിന് സമർപ്പിച്ച കമ്മീഷൻ റിപ്പോർട്ടിലുള്ളത്.

## റിപ്പോർട്ടിന്റെ ഉള്ളടക്കം

റിപ്പോർട്ടിന്റെ ഒന്നാം ഭാഗം, ആമുഖവും ഗസറ്റ് വിജ്ഞാപനവും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളും നിയമസഭാ ചർച്ചകളും കൂടാതെ ടേംസ് ഓഫ് റഫറൻസിന്റെ പരിധിയിൽ ഉൾപ്പെടുന്ന ആക്ഷേപങ്ങളും നിഗമനങ്ങളും ഉൾപ്പെടുന്നതാണ്. അതോടൊപ്പം ചില ശിപാർശകളുമുണ്ട്. രണ്ടാം ഭാഗം, കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽപ്പെടുന്ന സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ചാണ്. മൂന്നാം ഭാഗം, രണ്ട് മുതൽ ആറ് വരെയുള്ള ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളുടെ പരിശോധനയും കണ്ടെത്തലുകളും ശിപാർശകളും അടങ്ങുന്നതാണ്. നാലാം ഭാഗം, കേരള പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും അതിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുമുള്ളതാണ്.

## സർക്കാർ സ്വീകരിച്ച സമീപനം

ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ചില പ്രധാന ശിപാർശകളും കണ്ടെത്തലുകളും സഭ മുമ്പാകെ പ്രതിപാദിക്കേണ്ടതുണ്ട്. അതറിയാനുള്ള അവകാശം നിയമസഭയ്ക്കുണ്ട്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) പ്രകാരം കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടികളും സഹിതം ആറ് മാസത്തിനകം നിയമസഭ മുമ്പാകെ വയ്ക്കണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ 26-9-2017-ന് റിപ്പോർട്ട് ലഭിച്ചിട്ട് ഇപ്പോൾ ഒരു മാസം മാത്രമാണ് പിന്നിട്ടത്.

ഇതിനിടയിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് വിവരാവകാശ നിയമപ്രകാരവും അല്ലാതെയും പ്രതിപക്ഷ നേതാവടക്കമുള്ളവരുടെ നിരവധി അപേക്ഷകൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇക്കാര്യംകൂടി കണക്കിലെടുത്താണ് ഈ ചുരുങ്ങിയ കാലത്തിനിടയിൽത്തന്നെ റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്ന് തീരുമാനിച്ചത്. ഇത്രയും ചുരുങ്ങിയ കാലത്തിനിടയിൽ ഒരു അന്വേഷണ കമ്മീഷൻ റിപ്പോർട്ട് നിയമസഭയിൽ അവതരിപ്പിക്കുന്നത് നിയമസഭാ ചരിത്രത്തിൽ ഒരുപക്ഷേ ആദ്യമായിട്ടായിരിക്കും. പൊതുജന താൽപ്പര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് അനുവദിച്ച സമയപരിധിക്കായി കാത്തുനിൽക്കാതെ റിപ്പോർട്ട് സഭയിൽ വച്ച് ഒരു പരസ്യ രേഖയാക്കാൻ സർക്കാർ തീരുമാനിച്ചത്.

26-9-2017-നാണ് സർക്കാരിനുമുമ്പാകെ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും ഉപദേശം തേടിയശേഷം 11-10-2017-ൽ ചേർന്ന മന്ത്രിസഭാ യോഗം റിപ്പോർട്ടിലെ കണ്ടെത്തലുകളും ശിപാർശകളും പൊതുവിൽ അംഗീകരിക്കുകയുണ്ടായി.

മന്ത്രിസഭായോഗം കൈക്കൊണ്ട തീരുമാനപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ ജുഡീഷ്യൽ പശ്ചാത്തലമുള്ള ഒരു നിയമജ്ഞന്റെകൂടി ഉപദേശം തേടുന്നത് സഹായകരമാകുമെന്ന കാര്യം കണക്കിലെടുത്ത് റിപ്പോർട്ടിന്മേൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന തീരുമാനങ്ങളിന്മേൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റീസ് അരിജിത് പസായത്തിന്റെ നിയമോപദേശം തേടാൻ 19-10-2017-ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചശേഷം അദ്ദേഹം നൽകിയ നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാരിന് ലഭിച്ച മൂന്ന് നിയമോപദേശങ്ങളുടെയും കമ്മീഷന്റെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് 8-11-2017-ലെ മന്ത്രിസഭാ യോഗം തീരുമാനിക്കുകയും അതുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## കമ്മീഷന്റെ ശിപാർശകളും കണ്ടെത്തലുകളും

കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളെയും കണ്ടെത്തലുകളെയുംകുറിച്ച് പ്രതിപാദിക്കുന്നതിനുമുമ്പ് കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖ ഖണ്ഡികയിൽ സൂചിപ്പിച്ച കാര്യം പ്രസക്തമാണ്.

"സോളാർ തട്ടിപ്പ് സംബന്ധിച്ച് എൽ.ഡി.എഫ്. നിയമസഭയ്ക്ക് അകത്തും പുറത്തും നടത്തിയ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ 29-10-2013-ലെ എസ്.ആർ.ഒ. നമ്പർ 863/2013 വിജ്ഞാപനത്തിലൂടെ ഉത്തരവായ പ്രകാരമുള്ള ടേംസ് ഓഫ് റഫറൻസിലെ ആറ് ഇനങ്ങളിന്മേലാണ് സോളാർ അന്വേഷണ കമ്മീഷൻ ഈ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നത്."

ഈ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ നടത്തിയ സുപ്രധാനമായ ചില ശിപാർശകളും കണ്ടെത്തലുകളും സഭയ്ക്ക് മുമ്പാകെ അവതരിപ്പിക്കേണ്ടത് ഇതുസംബന്ധിച്ച വസ്തുതകൾ മനസ്സിലാക്കുന്നതിന് സഹായകമായിരിക്കും. "മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹംവഴി അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് ടെന്നി ജോപ്പൻ, ജിക്കുമോൻ ജേക്കബ്, ഗൺമാൻ സലിം രാജ് കൂടാതെ ഡൽഹിയിലെ അദ്ദേഹത്തിന്റെ സഹായി തുടങ്ങിയവരും ടീം സോളാർ പ്രതി സരിത എസ്. നായർക്കും അവരുടെ കമ്പനിക്കും അവരുടെ ഉപഭോക്താക്കളെ വഞ്ചിക്കുവാൻ കഴിയത്തക്കവിധം സഹായിച്ചിട്ടുണ്ടെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. അന്നത്തെ ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അദ്ദേഹത്തിന്റെ കീഴിലുള്ള പോലീസ് ഉദ്യോഗസ്ഥർ മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ ക്രിമിനൽ ബാദ്ധ്യതയിൽനിന്നും വിടുവിക്കുന്നത് ഉറപ്പുവരുത്തിയെന്നുംകൂടി കമ്മീഷൻ കണ്ടെത്തുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരായി നടത്തിയിട്ടുള്ള മറ്റാരോപണങ്ങൾ ഉറപ്പാക്കുന്നതിന് യാതൊരു തെളിവും ഇല്ലാത്തതാണ്.

ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പങ്ക് കമ്മീഷൻ പരിശോധിച്ചു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാര്യത്തിലെന്നപോലെ, അദ്ദേഹം ടീം സോളാർ കമ്പനിയെ ഏതൊക്കെ രീതിയിൽ സഹായിക്കാമായിരുന്നുവോ ആ രീതിയിലൊക്കെ സഹായിച്ചിട്ടുള്ളതായി കമ്മീഷൻ കണ്ടെത്തുന്നു.

മുഖ്യമന്ത്രിയെ ക്രിമിനൽ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നതിന് സംശയാസ്പദമായ രീതികളിലൂടെ പ്രത്യേക അന്വേഷണ സംഘം ധാരാളം ആയാസപ്പെട്ടതായി കമ്മീഷൻ കണ്ടെത്തുന്നു. സി.ഡി.ആർ. (Call Data Record)കളും രേഖയിലുള്ള മറ്റ് തെളിവുകളും പരാമർശിച്ചുകൊണ്ട് സോളാർ കേസിന്റെ അന്വേഷണത്തിൽ മറ്റുള്ള

ചില മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി, ചില നിയമസഭാംഗങ്ങൾ, ചില പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ഇടപെടലുകളിലേക്ക് ആഴത്തിലുള്ള അന്വേഷണം പ്രത്യേക അന്വേഷണ സംഘം നടത്തിയിട്ടില്ലെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

ടീം സോളാർ കമ്പനിയുടെ പരിപാടികൾ ഉദ്ഘാടനം ചെയ്ത മന്ത്രിമാരും തങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ സരിത. എസ്. നായരുടെ ടീം സോളാർ കമ്പനിക്ക് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അവരുടെ ക്രിമിനൽ കേസുകൾ രാജിയാക്കുന്നതിനും ശിപാർശ ചെയ്ത എം.എൽ.എ.മാരും മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ രക്ഷിക്കുന്നതിനായി മുൻ എം.എൽ.എ. ശ്രീ. തമ്പാനൂർ രവി, ശ്രീ. ബെന്നി ബെഹനാൻ എം.എൽ.എ. തുടങ്ങിയവരും പ്രവർത്തിച്ചതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

19-7-2013-ലെ സരിത. എസ്. നായരുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ളവർക്ക് സരിതയും അവരുടെ അഭിഭാഷകനുമായി ഫോൺ മുഖാന്തരം നിരന്തര ബന്ധമുണ്ടായിരുന്നുവെന്ന് തെളിവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ കണ്ടെത്തി.

കമ്മീഷൻ മുമ്പാകെ ഹാജരാക്കപ്പെട്ട തെളിവിന്റെ അടിസ്ഥാനത്തിൽ അഴിമതിയും നിയമവിരുദ്ധമായ പ്രതിഫലം സ്വീകരിക്കലും ആരോപിക്കപ്പെട്ട എല്ലാ വ്യക്തി കൾക്കുമെതിരായി അഴിമതി തടയൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോയെന്ന കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.

പോലീസ് സേനയിലെ അച്ചടക്കമുയർത്തിപ്പിടിക്കുന്നതിന് ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ തുടർ അന്വേഷണം അത്യാവശ്യമാണെന്നും കമ്മീഷൻ കണ്ടെത്തുന്നു. കേരള പോലീസ് അസോസിയേഷൻ സെക്രട്ടറി ശ്രീ. ജി. ആർ. അജിത്തിന്റെ ഭാഗത്തുനിന്ന് അച്ചടക്കരാഹിത്യമുണ്ടായെന്നും അതിനാൽ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. അദ്ദേഹത്തിന്റെ കാര്യത്തിലും പി.സി. ആക്ടിലെ വ്യവസ്ഥകൾ ബാധകമാകുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണെന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു.

കുറ്റവാളികളെയും വിചാരണ തടവുകാരെയും കോടതികൾ മുമ്പാകെ ഹാജരാ ക്കുന്നതിന് ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് വകുപ്പും ഉചിതമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള സോളാർ തട്ടിപ്പ് പ്രതി ബിജു രാധാകൃഷ്ണന്റെ കാര്യത്തിൽ, അയാൾ ജയിൽ ചാടുമെന്ന ഇന്റലിജൻസ് റിപ്പോർട്ടുകൾ ഉണ്ടായിരുന്നിട്ടും,

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ കോടതികളിൽ തീവണ്ടി മുഖേനയോ ബസ് മുഖേനയോ ഹാജരാക്കിയത് രണ്ട് സിവിൽ പോലീസ് ഉദ്യോഗസ്ഥർ മാത്രമാണ്. അത്തരം തടവുകാരുടെ കാര്യത്തിൽ കർശന നടപടികളാണ് അത്യാവശ്യമായിട്ടുള്ളത്. ജയിൽ അധികാരികളും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും അകമ്പടിക്കുള്ള പോലീസിനെ നിയോഗിക്കേണ്ടത് ആവശ്യമാണ്.

സെക്രട്ടറിയേറ്റിലെ സുരക്ഷാ ആവശ്യത്തിലേക്കായി സ്ഥാപിച്ച സി.സി. ടി.വി-യിലെ വിഷ്വലുകൾ ഏറ്റവും കുറഞ്ഞത് ഒരു വർഷത്തേക്കുള്ള കാലാവധി യിലേക്ക് നിലനിർത്തുന്നതിനോ അല്ലെങ്കിൽ അവ സൂക്ഷിക്കുന്നതിനോ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

എം.എൻ.ആർ.ഇ. (കേന്ദ്ര നവീന അക്ഷയ ഊർജ്ജ മന്ത്രാലയം)യുടെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ള അനെർട്ടിനെ ഉചിതമായി ഉടച്ചുവാർക്കേണ്ടതും അതുവഴി സൗരോർജ്ജത്തിന്റെ ഉൽപ്പാദനത്തിനും വിതരണത്തിനും വികസന ത്തിനുമായി കേന്ദ്രസർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള നടപടി പ്രോത്സാഹിപ്പിക്കുവാൻ കഴിയേണ്ടതുമാണ്. "

<u>സർക്കാർ കൈക്കൊണ്ട തീരുമാനങ്ങൾ</u>

(i) മേൽപ്പറഞ്ഞ ശിപാർശകൾ കണക്കിലെടുത്തുകൊണ്ട് ചില സുപ്രധാനമായ തീരുമാനങ്ങൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(ii) ശ്രീമതി സരിത. എസ്. നായരിൽനിന്നും അവരുടെ ടീം സോളാർ കമ്പനിയിൽനിന്നും രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണതലപ്പത്തുള്ളവരും അവരുടെ സ്റ്റാഫ് അംഗങ്ങളും അവരുമായി ബന്ധപ്പെട്ടവരും വലിയ തുകകൾ കൈക്കൂലിയായി വാങ്ങിയതായും സോളാർ കമ്പനിയുടെ ഉപഭോക്താക്കളെ വഞ്ചിക്കുന്നതിനായി സഹായിച്ചിട്ടുള്ളതായും റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. അതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാനിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തും.

(iii) സോളാർ തട്ടിപ്പ് അന്വേഷണം നടത്തുന്നതിനായി നിയമിക്കപ്പെട്ട പ്രത്യേക അന്വേഷണ സംഘം രാഷ്ട്രീയ-ഉദ്യോഗസ്ഥ-ഭരണ നേതൃത്വ ത്തിലുള്ളവരെ സോളാർ ഇടപാടുമായി ബന്ധപ്പെട്ട ക്രിമിനൽ കുറ്റങ്ങളിൽനിന്ന് രക്ഷപ്പെടുത്താൻ കുത്സിത ശ്രമങ്ങൾ നടത്തിയതായി റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. കൂടാതെ പ്രത്യേക അന്വേഷണ സംഘം, സംസ്ഥാന മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ, കേന്ദ്ര മന്ത്രി,

ചില എം.എൽ.എ.-മാർ, സോളാർ കേസ് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ കുറ്റകരമായ പങ്കിനെ സംബന്ധിച്ച് സി.ഡി.ആർ.-ഉം തെളിവുകളും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചിട്ടില്ലെന്ന കാര്യവും കമ്മീഷൻ റിപ്പോർട്ടിൽനിന്നും വെളിവായിട്ടുണ്ട്. അന്നത്തെ ഒരു സംസ്ഥാന മന്ത്രിയും പ്രത്യേക അന്വേഷണ സംഘം അന്വേഷണം ഏറ്റെടുക്കുന്നതിനുമുമ്പ് സോളാർ കുറ്റകൃത്യം അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരും ആ സമയത്ത് അന്വേഷണ മേൽനോട്ടം നടത്തിയ ഉദ്യോഗസ്ഥരും അന്വേഷണം അട്ടിമറിക്കാനും തെളിവ് നശിപ്പിക്കാനും ശ്രമങ്ങൾ നടത്തിയതായി അന്വേഷണ റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. മുൻ എം.എൽ.എ.-മാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻവേണ്ടി സോളാർ കേസുകൾ ഒത്തുതീർപ്പാക്കാൻ പ്രവർത്തിച്ചതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. അതിനെപ്പറ്റി ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

(iv) സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണ വിധേയരായ വ്യക്തികളിൽ ഒരാളുടെ 19-7-2013-ലെ കത്തിൽ പരാമർശിച്ചിട്ടുള്ളവർ ആ വ്യക്തിയുമായും ആ വ്യക്തിയുടെ അഡ്വക്കേറ്റുമായും ഫോണിൽ നിരന്തരം ബന്ധപ്പെട്ടതായി റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. അതുസംബന്ധിച്ച് സോളാർ കേസ് അന്വേഷണം അട്ടിമറിക്കുന്നതിന് വേണ്ടിയാണോയെന്ന് അന്വേഷണം നടത്തുന്നതാണ്.

(v) സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണവിധേയരായ വ്യക്തികളിൽ ഒരാൾക്കെതിരെ ലൈംഗിക കുറ്റകൃത്യങ്ങൾ നടന്നതായി കമ്മീഷൻ മുമ്പാകെ ഹാജരാക്കപ്പെട്ട തെളിവുകളിൽനിന്നും വെളിവാകുന്നു. ആ വ്യക്തിയുടെ 19-7-2013-ലെ കത്തിൽ പരാമർശിക്കപ്പെട്ട വിഷയങ്ങളിൽ ക്രിമിനൽ നടപടി ചട്ടം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

(vi) ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ ആ കാലഘട്ടത്തിലെ കേരള പോലീസ് അസോസിയേഷന്റെ സെക്രട്ടറിയായിരുന്ന പോലീസ് ഉദ്യോഗസ്ഥനെതിരെ അച്ചടക്കരാഹിത്യത്തിന് ശക്തമായ നടപടി ശിപാർശ ചെയ്തിട്ടുണ്ട്. ഈ കേസിൽ അഴിമതി നിരോധന

നിയമം ഉപയോഗിക്കാനാകുമോയെന്ന കാര്യം പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പ് തലത്തിൽ അന്വേഷണം നടത്തി അച്ചടക്കരാഹിത്യം നടത്തിയോയെന്ന് പരിശോധിച്ച് വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതാണ്. ആ ഉദ്യോഗസ്ഥനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങളെ സംബന്ധിച്ച് ക്രിമിനൽ നടപടി സംഹിത, ഇന്ത്യൻ ശിക്ഷാ നിയമം, അഴിമതി നിരോധന നിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതാണ്.

(vii) പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാനാവശ്യമായ നിർദ്ദേശങ്ങളും സെക്രട്ടേറിയറ്റിന്റെ സുരക്ഷയും സംബന്ധിച്ച് സി.സി.ടി.വി. (Closed circuit television) ദൃശ്യങ്ങളുടെ സംരക്ഷണം സംബന്ധിച്ചും അനെർട്ടിന്റെ പ്രവർത്തന-വിപുലീകരണ സാദ്ധ്യതകൾ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ മന്ത്രിസഭ കൈക്കൊണ്ടിട്ടുണ്ട്.

(viii) കൈക്കൂലിപ്പണം സ്വീകരിച്ചതുകൂടാതെ അനർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിലേക്കായി സോളാർ കേസിലെ ആരോപണവിധേയരിൽ ഒരാളിൽനിന്നും അധികാരസ്ഥാനത്തിലുള്ളവർ ലൈംഗിക സംതൃപ്തി നേടിയതിനെക്കുറിച്ചും അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽനിന്നും വെളിവാകുന്നു. ഇത് അഴിമതി തടയൽ നിയമത്തിൽ പറയുന്ന 'നിയമവിരുദ്ധമായ പാരിതോഷികം' എന്നതിന്റെ പരിധിയിൽ വരുമെന്ന് കമ്മീഷൻ ചൂണ്ടിക്കാണിക്കുന്നു. കമ്മീഷൻ മുൻപാകെ ഹാജരാക്കുകയും ലഭ്യമാക്കുകയും ചെയ്ത തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നടത്തുകയും നിയമവിരുദ്ധമായ പാരിതോഷികങ്ങൾ സ്വീകരിക്കുകയും ചെയ്തതായി ആരോപിതരായ വ്യക്തികൾക്കെതിരെ അഴിമതി നിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾ ചുമത്താൻ സാധിക്കുമോയെന്ന് സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. അഴിമതി നടത്തിയതായി കമ്മീഷൻ ചൂണ്ടിക്കാട്ടിയ എല്ലാവരുടെയും പേരിൽ അഴിമതി നിരോധന നിയമപ്രകാരമടക്കമുള്ള കുറ്റങ്ങൾക്ക് അന്വേഷണം നടത്തുന്നതാണ്.

(ix) ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ അന്വേഷണ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെത്തുടർന്ന്പുതിയ പരാതികളോ രേഖകളോ തെളിവുകളോ ലഭിക്കുന്നപക്ഷം അവകൂടി അന്വേഷിക്കുന്നതാണ്. മേൽപ്പറഞ്ഞ അന്വേഷണങ്ങളിൽ പുതിയ കുറ്റകൃത്യങ്ങൾ വെളിവാകുന്നവെങ്കിൽ അതും അന്വേഷിക്കുന്നതാണ്.

മേൽപ്പറഞ്ഞ അന്വേഷണങ്ങൾ നടത്തുന്നതിനായി ശ്രീ. രജേഷ് ദിവാൻ, ഡി.ജി.പി. തലവനായി പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ***.

അതോടൊപ്പം, മുൻ സർക്കാർ നിയമിച്ച പ്രത്യേക അന്വേഷണ സംഘം പിരിച്ച് വിട്ടുകൊണ്ടും ഉത്തരവായിട്ടുണ്ട്. സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ വിവിധ കോടതികളിലുള്ള കേസുകളിന്മേൽ നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നത് പുതുതായി രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമായിരിക്കും. ഇതിനുപുറമേ കമ്മീഷനും നിയമോപദേശകരും പറഞ്ഞ രീതിയിൽ പോലീസ്, ജയിൽ വകുപ്പുകളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി മൂന്നംഗ കമ്മീഷനെ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

നീതി എല്ലാവർക്കും ഒരുപോലെ ലഭ്യമാകണമെന്നാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. അതിനാലാണ് വ്യക്തമായ നിയമോപദേശം തേടിയശേഷം മാത്രം കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചാൽ മതിയെന്ന നിലപാട് സർക്കാർ സ്വീകരിച്ചത്. നീതി എല്ലാവർക്കും ലഭ്യമാകുകയെന്ന നിലപാടായിരിക്കും തുടർന്ന് ഇക്കാര്യത്തിലും സർക്കാർ സ്വീകരിക്കുകയെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

## VI ക്രമപ്രശ്നം

### മുഖ്യമന്ത്രി പത്രസമ്മേളനം നടത്തിയത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രതിപക്ഷത്തിന്റെ അവകാശമാണ് റൂൾ 50 എന്നത്. ഞങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയാൽ സഭയുടെ നാഥൻ എന്ന നിലയിൽ റൂൾ ചെയ്ത് അങ്ങേക്കത് ഡിസ്പോസ് ചെയ്യാൻ കഴിയുന്നതാണ്. റൂൾ 50 പ്രകാരം നോട്ടീസ് നൽകിയതിന് അങ്ങ് ഞങ്ങളെ അവഹേളിച്ചത് ശരിയായില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

*** ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: ഞാൻ അതിന്റെ സാഹചര്യം വളരെ കൃത്യമായി അങ്ങയോട് പറഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങേക്ക് അത് ഡിസ്പോസ് ചെയ്യാം. ഞാൻ അങ്ങയുടെ അധികാരത്തെ ചോദ്യം ചെയ്യുന്നില്ല. നോട്ടീസ് നൽകാനുള്ള അധികാരം ഞങ്ങൾക്കുണ്ടല്ലോ. ഈ സർക്കാർ വിചാരിച്ചാൽ പൊതുസമൂഹത്തിന് മുമ്പിൽ നിന്ന് ശ്രീ. തോമസ് ചാണ്ടിയെ രക്ഷിക്കാൻ കഴിയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നീതി എല്ലാവർക്കും ഒരുപോലെയാണെന്നാണ്. ഇന്നലെ കോടതി പറഞ്ഞത് 'നീതി പാവപ്പെട്ടവർക്ക് ഒന്ന്, തോമസ് ചാണ്ടിക്ക് വേറൊന്ന്' എന്നാണ്.

മി. സ്പീക്കർ: അങ്ങ് എഴുതി നൽകിയ ക്രമപ്രശ്നം ഉന്നയിക്കുന്നുണ്ടെങ്കിൽ ഉന്നയിക്കാവുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. തോമസ് ചാണ്ടി വിഷയം ഞങ്ങൾ ഏറ്റെടുക്കാം. അങ്ങുകൂടി ചേർന്ന് അദ്ദേഹത്തെ സംരക്ഷിച്ചത് ശരിയായില്ല. .......... (ബഹളം)........ ഞങ്ങൾ അത് ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചോളാം. ശ്രീ. ഇ. പി. ജയരാജന് ലഭിക്കാത്ത നീതി ശ്രീ. തോമസ് ചാണ്ടിക്ക് നൽകുന്നതിനെ സംബന്ധിച്ച് ജനങ്ങൾ മനസ്സിലാക്കട്ടെ.

മി. സ്പീക്കർ: അങ്ങ് ക്രമപ്രശ്നം ഉന്നയിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, റൂൾ 303 അനുസരിച്ച് ഒരു ക്രമപ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) പ്രകാരം കമ്മീഷൻ റിപ്പോർട്ട് അതിന്മേൽ സർക്കാർ സ്വീകരിച്ച ആക്ഷൻ ടേക്കൺ ഉൾപ്പെടെ സഭയുടെ മുമ്പാകെ സമർപ്പിക്കേണ്ടതായിട്ടുണ്ട്. സെക്ഷൻ 3(4) പറയുന്നത്, The appropriate Government shall cause to be laid before each House of the Parliament or, as the case may be, the Legislature of the State the report, if any, of the Commission on the inquiry made by the Commission under sub-section (1) together with a Memorandum of the action taken thereon, within a period of six months of the submission of the report by the Commission to the appropriate Government എന്നാണ്. 1957 മുതൽ പരിശോധിച്ചാൽ കേരള നിയമസഭയിൽ 135 കമ്മീഷൻ റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അതിൽ 128 എണ്ണത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും വന്നിട്ടുണ്ട്. 6 റിപ്പോർട്ടുകളിലാണ് ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് വരാതിരുന്നിട്ടുള്ളത്. 30-3-1959-ലെ ആന്ധ്രാ അരി കുംഭകോണ കേസ്

ജസ്റ്റിസ് രാമൻ നായർ കമ്മീഷൻ റിപ്പോർട്ട് മുതൽ ചെറിയതുറ വെടിവയ്പ്പ് സംബന്ധിച്ച രാമകൃഷ്ണൻ റിപ്പോർട്ടുവരെ ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടിയാണ് സഭയിൽ വച്ചത്. സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിനുമുമ്പ് കമ്മീഷന്റെ നിഗമനങ്ങളും നിയമോപദേശങ്ങളും ബഹുമാന്യനായ മുഖ്യമന്ത്രി 2017 ഒക്ടോബർ 11-ാം തീയതി ഒരു പത്രസമ്മേളനം നടത്തി വിശദീകരിക്കുകയുണ്ടായി. കേരള ചരിത്രത്തിൽ ഒരു മുഖ്യമന്ത്രിയും ചെയ്യാത്ത നടപടിയാണ് അദ്ദേഹം ഇവിടെ ചെയ്തത്. ഇത് ചട്ടലംഘനമാണ്. ക്യാബിനറ്റ് യോഗം കഴിഞ്ഞാൽ സാധാരാണ ഗതിയിൽ മുഖ്യമന്ത്രി പത്രപ്രവർത്തകരെ കാണാറില്ല. അന്നത്തെ മന്ത്രിസഭാ യോഗത്തിന്റെ മിനിട്സ് വെബ്സൈറ്റിൽ വന്നത് എന്റെ കയ്യിലുണ്ട്. അതിനകത്ത് ഇത് പരാമർശിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറിൽ രാഷ്ട്രീയ പ്രസംഗം പാടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാനൊന്ന് പറഞ്ഞോട്ടെ; ഞാൻ എന്റെ പോയിന്റിലേക്ക് വരികയാണ്.

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറിൽ ക്രമം ലംഘിച്ചിട്ടുണ്ടോ എന്ന് പറയാനുള്ള അവസരമാണുള്ളത്. അല്ലാതെ രാഷ്ട്രീയ പ്രസംഗം നടത്തേണ്ട അവസരമല്ല. അങ്ങേക്ക് എല്ലാം അറിയാവുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയിൽ റിപ്പോർട്ട് വയ്ക്കുന്നതിനുമുമ്പ് പത്രസമ്മേളനം നടത്തി ഇക്കാര്യങ്ങൾ പറയുകയുണ്ടായി. സാധാരാണഗതിയിൽ പത്രപ്രവർത്തകരെ കാണാൻ മടിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് വളരെ ആധികാരികമായി ഇത്രയും കാര്യങ്ങൾ പറഞ്ഞു. ഇത് സഭയോടുള്ള അവഹേളനമല്ലേ? വിവരാവകാശ നിയമപ്രകാരം ഞങ്ങൾ റിപ്പോർട്ടാവശ്യപ്പെട്ടു. വിവരാവകാശ നിയമത്തിലെ 22-ാം വകുപ്പുപ്രകാരം നിലനിൽക്കുന്ന എല്ലാ നിയമങ്ങളും അനുസരിച്ച് ഈ റിപ്പോർട്ട് നൽകാവുന്നതാണ്. ഇവിടെ ഒരുകാര്യം എനിക്ക് പറയാനുള്ളത്, ഈ നിയമസഭയെ ഒരു നോക്കുകുത്തിയാക്കാൻ ഞങ്ങളനുവദിക്കില്ല. ഇവിടെ ഒരു കമ്മീഷൻ റിപ്പോർട്ട് അവതരിപ്പിച്ചതിന്റെ പേരിൽ നടപടിയെടുത്ത് യു.ഡി.എഫ്.നെയും പ്രതിപക്ഷത്തെയും നിശബ്ദരാക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുതേണ്ട. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇതിനെ നേരിടാനുള്ള ശക്തിയുണ്ട്. സർക്കാർ ഓരോ ഘട്ടത്തിലും പുറകോട്ടുപോകുന്നു. ആദ്യം ഡി.ജി.പി.യുടെ നിയമോപദേശം, പിന്നീട് എ.ജി.യുടെ നിയമോപദേശം. അതിന്മേൽ കേസെടുക്കുമെന്ന് പറയുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലെ 50 വർഷം ഈ നിയമസഭയിൽ അംഗമായിരിക്കുന്ന, രണ്ടുതവണ മുഖ്യമന്ത്രിയായിരുന്ന, രണ്ടുതവണ പ്രതിപക്ഷ നേതാവായിരുന്ന...

മി. സ്പീക്കർ: ദയവായി റിപ്പോർട്ടിന്റെ മെരിറ്റിലേക്ക് പോകരുത്. റിപ്പോർട്ടിന്റെ ചർച്ചയല്ല ഇവിടെ നടക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ ഉമ്മൻ ചാണ്ടിയെപ്പോലെ ഒരു നേതാവിനെതിരെ ലൈംഗിക ആരോപണത്തിൽ കേസെടുക്കുമെന്ന് പറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നമുക്ക് എങ്ങനെ അംഗീകരിക്കാൻ കഴിയും? ...(ബഹളം).....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്. ഇത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് നിയമപരമായി ഞങ്ങൾ നേരിടും. ഞങ്ങളെ ഓലപ്പാമ്പ് കാട്ടി പേടിപ്പിക്കാമെന്ന് ശ്രീ. പിണറായി വിജയനും സർക്കാരും കരുതേണ്ട എന്നാണ് എനിക്ക് പറയാനുള്ളത്. ഇത് സഭാചട്ടങ്ങളുടെ ലംഘനമാണ്. ഇക്കാര്യത്തിൽ റൂളിംഗ് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് ചട്ടം 303 പ്രകാരം ഇതേ വിഷയത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഒരേ വിഷയമായതുകൊണ്ട് അങ്ങേക്ക് ഒറ്റ വാചകത്തിൽ പറയാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 11-10-2017-ൽ കമ്മീഷൻ നിഗമനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കുറിപ്പായി പ്രസ്സ് കോൺഫറൻസിൽ നൽകുകയുണ്ടായി. ഇന്ന് ഈ റിപ്പോർട്ട് മേശപ്പുറത്തുവച്ചു. അതുകൊണ്ട് സഭയുടെ പ്രിവിലേജിന്റെ പ്രശ്നം അവസാനിക്കുന്നില്ല. Already he has committed the breach of privilege. പത്രസമ്മേളനത്തിലെ കുറിപ്പനുസരിച്ച് breach of privilege ഉണ്ടായതുകൊണ്ട് അങ്ങ് പരിശോധിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാധാരണ നടപടി ക്രമമനുസരിച്ച് ഇത് സർക്കാരിന്റെയും മുഖ്യമന്ത്രിയെന്ന നിലയിൽ എന്റെയും ചുമതലയായി വന്ന ഒരു കാര്യമാണ്. മറ്റൊരു കാര്യമാണ് സംഭവിച്ചതെന്ന് വിചാരിക്കുക, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഞങ്ങളല്ല, യു.ഡി.എഫ്. ആണ് വിജയിച്ചതെന്ന് സങ്കൽപ്പിക്കുക. അങ്ങനെയാണെങ്കിൽ അവരുടെ കുഞ്ഞാണല്ലോ ഇത്; അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് വയ്ക്കാൻ ആ ഘട്ടത്തിൽ ആരാണോ മുഖ്യമന്ത്രിയായി വരുന്നത്, അദ്ദേഹം നിർബന്ധിതനാകുമല്ലോ; അതാണ് ഞങ്ങൾ ചെയ്തത്. ഞങ്ങൾ ഇതിനകത്ത് വേറൊന്നും ചെയ്തിട്ടില്ല. അവർ നിശ്ചയിച്ച കമ്മീഷൻ നൽകിയ റിപ്പോർട്ട് സഭയുടെ മുമ്പാകെ വയ്ക്കുന്നു. ആ റിപ്പോർട്ടിൽ പല പേരുകളും പരാമർശിച്ചിട്ടുണ്ട്. ഒരു പേരും ഞാൻ ഇവിടെ നൽകിയ പ്രസ്താവനയിൽ പരാമർശിച്ചിട്ടില്ല. പക്ഷെ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഒരു പേര് പറയുന്നതായി കേട്ടു. ഞാനിപ്പോഴും ആ പേര്

പറയുന്നില്ല. ...(ബഹളം).. ഞാൻ പേര് പറയാതിരിക്കാനുള്ള മര്യാദ കാണിച്ചു. ബാക്കി കാര്യങ്ങൾ തുടരന്വേഷണത്തിന്റെ ഭാഗമായി വരേണ്ടതാണ്. മന്ത്രിസഭാ തീരുമാനം വന്നതോടെ ഇത് പൊതുസ്വത്തായി മാറി. അതിന്റെ ഭാഗമായി ആ കാര്യം പത്രസമ്മേളനത്തിൽ പറഞ്ഞുവെന്നത് ശരിയാണ്. പക്ഷെ, റിപ്പോർട്ടുമായി ബന്ധപ്പെട്ട ഒരുകാര്യവും ഇതുവരെ പുറത്ത് വന്നിട്ടില്ല എന്നുള്ളത് ഈ റിപ്പോർട്ട് വിശദമായി വായിക്കുമ്പോൾ എല്ലാവർക്കും മനസ്സിലാകും. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്......ഇനി ചർച്ചയില്ല. നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്; ബഹളം വച്ചിട്ടാണോ മൈക്ക് ലഭിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിലൂടെ ശ്രീ. ഉമ്മൻ ചാണ്ടി അടക്കമുള്ള മുഴുവൻ നേതാക്കന്മാരുടെയും പേരുകൾ പരാമർശിച്ചിരുന്നു. രാഷ്ട്രീയമായി പ്രതികാരം തീർക്കാനാണ് ലക്ഷ്യമെങ്കിൽ അതിശക്തമായി തിരിച്ചടിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ...(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.... ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്താവനയിലെ പേജ് 9-ലെ 3-ാം ഖണ്ഡികയിൽ "ശ്രീ. രജേഷ് ദിവാൻ, ഡി.ജി.പി. തലവനായി പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്" എന്ന വാചകത്തിനുശേഷമുള്ള "അന്വേഷണ സംഘം താഴെപ്പറയുന്ന പ്രകാരമായിരിക്കും" എന്ന വാചകം ഒഴിവാക്കേണ്ടതാണ്.

മി. സ്പീക്കർ: .....(ബഹളം).... പ്ലീസ്... ഇതൊരു ക്രമപ്രശ്നമാണ്; പൊളിറ്റിക്കൽ ഡിസ്കഷനല്ല ഇവിടെ നടക്കുന്നത്. നിങ്ങൾ കുറച്ചുപേർ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല; ആരെ ബോദ്ധ്യപ്പെടുത്താനാണ് ഇങ്ങനെ ബഹളം വയ്ക്കുന്നത്? പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് ഇത്രയുംനേരം സംസാരിച്ചത്. അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ മാത്രമാണ് ആവശ്യപ്പെട്ടത്. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇപ്പോൾ ഒരു വാചകം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. അതുകൊണ്ടാണ്, അവധാനത ഇല്ലാതെയാണ് ഈ റിപ്പോർട്ട് കൈകാര്യം ചെയ്തിരിക്കുന്നതെന്ന് ആദ്യം മുതൽ ഞാൻ പറഞ്ഞത്. ഈ സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽ ഒരുകാര്യം ഗൗരവമായി കൊണ്ടുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ചശേഷം എന്തിനായിരുന്നു ഹോം ഡിപ്പാർട്ടുമെന്റിലെ ഒരുദ്യോഗസ്ഥനെ ജസ്റ്റിസ് (റിട്ട.) ജി. ശിവരാജന്റെ അടുത്തേക്ക് അയച്ചത്? .....(ബഹളം)....

മി. സ്പീക്കർ: ഇതൊന്നും ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. പ്ലീസ്........(ബഹളം).... ഡിബേറ്റ് അനുവദിക്കാൻ കഴിയില്ല. സഭ നടത്തിക്കൊണ്ട് പോകാൻ ചില ചട്ടങ്ങളും കീഴ്വഴക്കങ്ങളുമുണ്ട്. .....(ബഹളം).... എപ്പോഴും

എഴുന്നേറ്റ് നിന്ന് സംസാരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുതിത്തന്നത് ഒരു പോയിന്റ് ഓഫ് ഓർഡറാണ്. മറ്റുള്ളവർ ബഹളമുണ്ടാക്കേണ്ട കാര്യമില്ല. ആ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനുള്ള അവസരവും അദ്ദേഹത്തിന് നൽകി. ക്രമം തെറ്റിച്ചിട്ടുണ്ടോയെന്ന് പറയാനുള്ള സമയമാണിത്. ..... (ബഹളം)....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഒരു പ്രിവിലേജില്ലേ?

മി. സ്പീക്കർ: ആ പ്രിവിലേജനുസരിച്ച് ക്രമപ്രശ്നത്തിനിടയിൽ രാഷ്ട്രീയമായ ആരോപണങ്ങളും പ്രത്യാരോപണങ്ങളും ഉന്നയിക്കാൻ കഴിയില്ല. .....(ബഹളം).... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പറയാനുള്ള കാര്യങ്ങളെല്ലാം അദ്ദേഹം ദീർഘമായി പറഞ്ഞുകഴിഞ്ഞു. .....(ബഹളം).... ശ്രീ. അൻവർ സാദത്ത്, ദയവായി ഇരിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഇനിയെന്താണ് പറയാനുള്ളത്? താങ്കളിപ്പോൾ രാഷ്ട്രീയമായി പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. .....(ബഹളം).... ഈ പ്രശ്നത്തിലുള്ള പോയിന്റ് ഓഫ് ഓർഡർ അങ്ങ് പറഞ്ഞുകഴിഞ്ഞു. പ്ലീസ്.... ചെയറിന് റൂൾ ചെയ്യാനുള്ള അവസരം തരൂ; അല്ലെങ്കിൽ കൺക്ലൂഡ് ചെയ്യൂ. മറ്റുള്ളവർ ബഹളമുണ്ടാക്കേണ്ട കാര്യമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി റിപ്പോർട്ടിലെ ഒരു വാചകം ഒഴിവാക്കണമെന്ന് പറയുകയുണ്ടായി. എന്റെ പോയിന്റ്, ബഹുമാനപ്പെട്ട ബഹുമുഖ്യമന്ത്രി ആദ്യം മുതൽ ഈ റിപ്പോർട്ട് കൈകാര്യം ചെയ്തത് അവധാനതയില്ലാതെയാണ് എന്നുള്ളതാണ്. .....(ബഹളം).... ജസ്റ്റിസ് (റിട്ട) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചശേഷം ഹോം ഡിപ്പാർട്ടുമെന്റിലെ ഒരുദ്യോഗസ്ഥൻ (റിട്ട.) ജസ്റ്റിസ് ജി. ശിവരാജന്റെ വീട്ടിൽ പോയതും റിപ്പോർട്ടിൽ തിരുത്തൽ വരുത്തിയതും എന്തിനാണെന്ന് അറിയണം. അവധാനതയില്ലാതെ റിപ്പോർട്ട് സമർപ്പിച്ചതിന്റെ പരിണതഫലമാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. എ.ജി.-യുടെ റിപ്പോർട്ട്, എ.ജി.-യുടെ നിയമോപദേശം, ഡി.ജി.പി.-യുടെ........... (മൈക്ക് ഓഫ്).....

മി. സ്പീക്കർ: പ്ലീസ്.... ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, ജസ്റ്റിസ് (റിട്ട) ജി. ശിവരാജൻ കമ്മീഷന്റെ ഇന്റഗ്രിറ്റിയെ ചോദ്യം ചെയ്യുന്ന നിലയിലാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് സംസാരിക്കുന്നത്. ജസ്റ്റിസ് (റിട്ട) ജി. ശിവരാജനെ കഴിഞ്ഞ മന്ത്രിസഭ തീരുമാനിച്ചത് അദ്ദേഹം നിഷ്പക്ഷനായി അന്വേഷണം നടത്താൻ കഴിയുന്ന ആളാണെന്ന ധാരണയിൽ തന്നെയാണ്. അന്വേഷണത്തിൽ ലഭ്യമായ തെളിവുകളുടെ

അടിസ്ഥാനത്തിലുള്ള റിപ്പോർട്ടാണ് അദ്ദേഹം നൽകിയിട്ടുള്ളത്. അതിനുശേഷം, വേറെ ആളെ അയച്ച് ഞങ്ങൾ എന്തുകാര്യമാണ് സമ്പാദിക്കേണ്ടത്? തീർത്തും തെറ്റിദ്ധാരണകൾ പരത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ........(മൈക്ക് ഓഫ്)...........

മി. സ്പീക്കർ: ചട്ടം 300 പ്രകാരം ഇനി ഡിബേറ്റ് ചെയ്യാൻ കഴിയില്ല...... (ബഹളം).... ചെയർ റൂൾ ചെയ്യാൻ പോകുകയാണ്; ദയവായി സഹകരിക്കണം. നമുക്ക് ഈ വിഷയം വിശദമായി സഭയിൽത്തന്നെ ചർച്ച ചെയ്യാനുള്ള അവസരമൊരുക്കാം. ഇന്ന് അതിനുള്ള അവസരമില്ല. പ്ലീസ്..... പോയിന്റ് ഓഫ് ഓർഡറിന് മുകളിൽ ഡിബേറ്റ് ചെയ്ത് നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. പ്ലീസ്.... ഇരിക്കൂ.... ദയവായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്ഷമിക്കണം. ഒരു ക്രമപ്രശ്നത്തിന് ഞാൻ അങ്ങേക്ക് ഏഴുതവണ മൈക്ക് നൽകി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെ ചാർജ് ചെയ്യുകയാണ് ചെയ്തത്. ഞങ്ങൾ ജസ്റ്റിസ് (റിട്ട) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് കണ്ടിട്ടില്ല. കണ്ടതിനുശേഷം അദ്ദേഹത്തിന്റെ ഇന്റഗ്രിറ്റിയെക്കുറിച്ച് പറയുമെന്നുള്ളത് വേറെ കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ സെക്രട്ടറിയായ ശ്രീ. എം. വി. ജയരാജന്റെയും ഫോൺ സംഭാഷണം പരിശോധിക്കാൻ തയ്യാറുണ്ടോയെന്ന് ഞാൻ ആധികാരികമായി ഉന്നയിക്കുകയാണ്. .....(ബഹളം)....

## V റൂളിംഗ്

മി. സ്പീക്കർ: ഇക്കാര്യം വിശദമായി ചർച്ച ചെയ്യാൻ അവസരം തരാം. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ വ്യവസ്ഥ പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് (റിട്ട) ജി. ശിവരാജൻ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ നിഗമനങ്ങളുടെയും നിയമോപദേശങ്ങളുടെയും നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് മുമ്പുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയെന്നും അത് സഭയുടെ കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമായ നടപടിയാണെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് സർക്കാരിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടികളുടെ വിശദാംശം നൽകുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്രമപ്രശ്നത്തിലൂടെ ഉന്നയി ച്ചിരിക്കുന്ന കാര്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും എല്ലാവരും

കേട്ടതും ചെയർ സശ്രദ്ധം പരിശോധിച്ചതുമാണ്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3, 4 വ്യവസ്ഥകൾപ്രകാരം, അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചുകഴിഞ്ഞാൽ 6 മാസത്തിനകം റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ സഭാരേഖകൾ പരിശോധിച്ചാൽ, കഴിഞ്ഞ കാലങ്ങളിൽ നിയമിക്കപ്പെട്ട ഒട്ടുമിക്ക കമ്മീഷനുകളുടെയും അന്വേഷണ റിപ്പോർട്ടുകൾ കാലപരിധിക്കുള്ളിൽ ആയിരുന്നില്ലെന്ന് മാത്രമല്ല, കാലദൈർഘ്യത്തിന്റെ ഉത്തമ ഉദാഹരണങ്ങളുമായിരുന്നു. 134 അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചെയർ പരിശോധിക്കുകയുണ്ടായി. ഈ 134 റിപ്പോർട്ടുകളിൽനിന്നും വ്യത്യസ്തമായി 2017 സെപ്റ്റംബർ 27-ന് സർക്കാരിന് ലഭിച്ച കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച നടപടി വിശദാംശങ്ങളാണ് ഇന്ന് സഭയിൽ ലഭ്യമായിട്ടുള്ളതെന്നാണ് എനിക്ക് വിശദീകരിക്കാനുള്ളത്. ഇത് അങ്ങേയറ്റം മാതൃകാപരവും അഭിനന്ദനീയവുമാണെന്ന് ചെയർ സൂചിപ്പിക്കുകയാണ്. ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകളെ സംബന്ധിച്ച് ഇന്ന് നിലവിലുള്ള വ്യവസ്ഥാപിതമായ ധാരണകൾ ഇല്ലാതാക്കുകയും അതിനുള്ള സാദ്ധ്യതകൾ സംബന്ധിച്ച് പൊതുസമൂഹത്തിന് മുന്നിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുന്ന നടപടിയായാണ് ചെയർ ഇതിനെ കാണുന്നത്. റിപ്പോർട്ടിലെ നിരീക്ഷ ണങ്ങളുടെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ സർക്കാരിന് ലഭിച്ച നിയമോ പദേശത്തിന്റെയും അക്കാര്യത്തിലുള്ള മന്ത്രിസഭാ തീരുമാനത്തിന്റെയും വിശദാംശങ്ങൾ മാത്രമാണ് 11-10-2017-ലെ പത്രസമ്മേളനത്തിലൂടെ വെളിപ്പെടുത്തിയതെന്നും മറിച്ച്, കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ മെരിറ്റിലേക്ക് കടന്നിട്ടില്ലെന്നുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിച്ചത്. അത് ന്യായയുക്തമാണെന്ന് ചെയർ കാണുന്നു. ഇതിൽ മഹത്തായ ഈ സഭയുടെ കീഴ്വഴക്കങ്ങളുടെയും ചട്ടങ്ങളുടെയും എന്തെങ്കിലും ലംഘനമുള്ളതായി കാണാൻ കഴിയുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ….(മൈക്ക് ഓഫ്)....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

# VI പ്രമേയം

## സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയാവുന്നതാണെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

ഓർഡർ....... ഓർഡർ......... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ രാവിലെ 9.42-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.4808/Table-1/2017/Leg. Dated, Thiruvananthapuram, 9th November, 2017

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Eighth Session of the Fourteenth Kerala Legislative Assembly with effect from November 9, 2017 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ എട്ടാം സമ്മേളനം 2017 നവംബർ 9-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു

By order of the Governor,

V.K. BABU PRAKASH,

Secretary.